നീണ്ടു നിൽക്കുന്ന കയർപിരി പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 10 യുവാൾക്ക് ഫർണീച്ചർ നിർമ്മാണത്തിൽ പരിശീലനം നൽകി മംഗലം സമൃദ്ധി കേന്ദ്രത്തിൽ വർക്കറായി നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മറ്റിതര പട്ടികജാതിക്കാർക്ക് കൊടുക്കുന്ന 50,000രൂപയ്ക്ക് പുറമേ 10,000 രൂപ കൂടി അധികമായി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി വഴി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 13 നായാടി കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

ദേശീയ യുവജനോത്സവത്തിന്റെ വേദി

23 (186) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ .നാരായണക്കുറുപ്പ് :
ശ്രീ. കെ. എം .മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ.മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കേരളോത്സവം പരിപാടികളുടെ പുരോഗതിയെന്തായെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ സംഘടിപ്പിക്കുന്നതിന് പരിപാടിയിട്ടിരുന്ന ദേശീയ യുവജവനോത്സത്തിന്റെ വേദി സംസ്ഥാനത്തിന് പുറത്തേക്ക് മാറ്റിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഇക്കൊല്ലത്തെ കേരളോത്സവം പരിപാടികൾ, പഞ്ചായത്ത്/ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാതല മത്സരങ്ങൾ ഒക്ടോബറിൽ തന്നെ ആരംഭിച്ചു. സംസ്ഥാനതല കേരളോത്സവം 2000 ജനുവരി 2 മുതൽ 5 വരെ എറണാകുളത്ത് വിവിധ വേദികളിൽ കാര്യക്ഷമമായി നടന്നു. ഈ വർഷം ഗ്രാമ പഞ്ചായത്തുകളുടെ 99% പങ്കാളിത്തവും ലഭിച്ചിട്ടുണ്ട്. ഇഥംപ്രദമായി, ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ ഒന്നും,രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി നല്കിയിട്ടുള്ളതിനാൽ കടുത്ത മത്സരം തന്നെ ഇക്കൊല്ലം ഉണ്ടായി. 42 ലക്ഷം രൂപ സംസ്ഥാന ജില്ലാതല മത്സര വിജയികൾക്ക് പ്രൈസ്മണിയായി വിതരണം ചെയ്തു.

(ബി) ഉണ്ട്.

(സി) വേദി മാറ്റിയതിന്റെ വ്യക്തമായ കാരണം കേന്ദ്ര സർക്കാർ, കേരള സർക്കാരിനെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. 9-6-1999-ൽ കേന്ദ്ര മന്ത്രിയുമായി സംസ്ഥാന യുവജനകാര്യമന്ത്രി നടത്തിയ ചർച്ചയിലാണ് ആദ്യമായി ദേശീയ യുവോത്സവം കേരളത്തിൽ വച്ച് നടത്തുന്നതിന് തീരുമാനം എടുത്തിരുന്നത്. തുടർന്ന് 29-6-1999-ൽ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിലെ യുവജനകാര്യവും സ്പോർട്സും വകുപ്പു സെക്രട്ടറിയിൽ നിന്ന് ഇതു സംബന്ധിച്ച് ഔപചാരിക അറിയിപ്പ് കിട്ടിയിരുന്നു. യുവോത്സവം കേരളത്തിന് അനുവദിച്ച് അന്നത്തെ സ്പോർട്സ് യുവജനക്ഷേമ വകുപ്പുമന്ത്രി കുമാരി ഉമാഭാരതി കേരള മുഖ്യമന്ത്രിക്ക് 20-8-1999-ൽ കത്ത് നൽകിയിരുന്നു. ഈ യുവോത്സവത്തിന് വേണ്ടി സംസ്ഥാനം നടത്തിയ ഓരോ പ്രവർത്തികളും പുതിയതായി ചുമതലയേറ്റ കേന്ദ്ര യുവജനക്ഷേമ വകുപ്പു മന്ത്രിയെ 12-11-1999-ന് കത്ത് മൂലം അറിയിച്ചിരുന്നു. എന്നാൽ നവംബർ അവസാനത്തോടെ, പത്രമാധ്യമങ്ങളിലൂടെ ദേശീയ യുവോത്സവ വേദി കേരളത്തിൽ നിന്ന് മാറ്റുന്നതു സംബന്ധിച്ച വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും 20-11-1999-ൽ കേന്ദ്ര യുവജനക്ഷേമ വകുപ്പു മന്ത്രിക്ക് തൃശ്ശൂരിൽ വച്ച് യുവോത്സവ നടത്തിപ്പിനെ സംബന്ധിച്ച് നേരിട്ട് കത്ത് നൽകുകയുണ്ടായി. 6-12-1999-ൽ കേന്ദ്ര സ്പോർട്സ് യുവജനക്ഷേമ ഡെപ്യൂട്ടി സെക്രട്ടറി ദേശീയ യുവോത്സവം ഗുജറാത്തിൽ വച്ചു നടത്തുന്നതായി സംസ്ഥാന സർക്കാരിനെ അറിയിച്ചു. 8-12-99-ൽ കൂടിയ മന്ത്രിസഭാ യോഗം കേരള സർക്കാരിന്റെ ഇക്കാര്യത്തിലുള്ള പ്രതിഷേധം അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ, 12-12-1999-ൽ സംസ്ഥാനത്തെ യുവജന സംഘടനയുടെയും രാഷ്ട്രീയ പാർട്ടികളുടെ യുവജന വിഭാഗത്തിന്റെ പ്രമുഖരെയും വിളിച്ചു കൂട്ടി, കേരളത്തിന് അനുവദിച്ചിരുന്ന യുവോത്സവത്തിന്റെ വേദി കേരളത്തിൽ നിന്ന് മാറ്റിക്കൊണ്ടു പോയ കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ പ്രതിഷേധം അറിയിക്കാനും മേള ഇവിടെ വച്ചു തന്നെ നടത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. അതനുസരിച്ച്16-12-1999-ൽ മുഖ്യമന്ത്രി പ്രധാന മന്ത്രിക്ക് കത്തെഴുതുകയും ചെയ്തു.

കുടിവെള്ള ക്ഷാമത്തിന് പരിഹാരം

24 (187) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ചങ്ങനാശ്ശേരി ടൗണിൽ കുടിവെള്ളമെത്തിച്ചു കൊണ്ടിരിക്കുന്ന കല്ലിശ്ശേരി പദ്ധതിയുടെ ഭാഗമായി പെരുന്നയിൽ സ്ഥാപിച്ച രണ്ടാമത്തെ ട്രാൻസ്ഫോർമർ ചാർജ്ജു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പായിപ്പാട് പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഒ.എച്ച്. ടാങ്ക് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കും ;

(സി) തൃക്കൊടിത്താനം പഞ്ചായത്തിലെ ഒ.എച്ച്.ടാങ്കിന്റെ കേടുപാടുകൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly